കേരള ഫോറസ്ട്രി പ്രോജക്ടിന്റെ രണ്ടാം ഘട്ടത്തിൽ, വംശനാശഭീഷണി നേരിടുന്ന വേഴാമ്പൽ ഉൾപ്പെടെയുള്ള പക്ഷികളുടെ പുനരധിവാസ പദ്ധതി നടപ്പിലാക്കിട്ടുണ്ട്.

ഔഷധസസ്യങ്ങളുടെ വാണിജ്യാടിസ്ഥാനത്തിലുള്ള വിപണനം

115 (1912). ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഔഷധസസ്യങ്ങൾ ഉൾപ്പെടെയുള്ള തടി ഇതര വനവിഭവങ്ങളുടെ പ്രാധാന്യം കണക്കിലെടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവയുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും പരിപാലനത്തിനുമായി എന്തെങ്കിലും അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ ;

(സി) ഔഷധ സസ്യങ്ങളുടെ വാണിജ്യാടിസ്ഥാനത്തിലുള്ള വിപണനത്തിനായി സർക്കാർ ഏതെല്ലാം നടപടികളാണ് സ്വീകരിച്ചട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഔഷധ സസ്യങ്ങൾ ഉൾപ്പെടെയുള്ള ഇതര വന വിഭവങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് അവയുടെ അധികരിച്ച ലഭ്യതയും സംരക്ഷണവും ലക്ഷ്യമാക്കി വിവിധ പദ്ധതികൾ വനം വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന എഫ്. ആർ. എൽ. എച്ച്. റ്റി. യുടെ സഹായത്തോടെയുള്ള എം. പി. സി. എ. പദ്ധതി, നാഷണൽ മെഡിസിനൽ പ്ലാന്റ് സ് ബോർഡിന്റെ ധനസഹായത്തോടെയുള്ള ഔഷധത്തെ ഉൽപ്പാദിപ്പിക്കുന്നതിന് ബോധവൽക്കരണം, വിജ്ഞാന വ്യാപനം എന്നീ പ്രവർത്തനങ്ങൾക്കുള്ള പദ്ധതി, സഞ്ജീവനി വനം, എന്നിവ ഔഷധസസ്യങ്ങൾ ഉൾപ്പെടെയുള്ള ഇതര വനവിഭവങ്ങളുടെ സംരക്ഷണവും ഉല്പാദനക്ഷമത വർദ്ധനവും ലക്ഷ്യമിട്ടിട്ടുള്ളതാണ്.

(സി) ഔഷധ സസ്യങ്ങളുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ശേഖരണത്തിനായി വനസംരക്ഷണ സമിതികൾ മുഖേനയും ട്രൈബൽ സഹകരണ സൊസൈറ്റികൾ മുഖേനയും കേരള എസ്സ്.സി/എസ്സ്.റ്റി ഫെഡറേഷൻ മുഖേനയും വിപണനം നടത്തുന്നതിനുള്ള സംവിധാനമാണ് നിലവിലുള്ളത്.

2003-ലെ 'ഹരിതോത്സവം' പരിപാടിയുടെ ഭാഗമായി നട്ട വൃക്ഷത്തൈകൾ

116 (1915) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിന്റെ 'ഹരിതോത്സവം' 2003 പരിപാടിയുടെ ഭാഗമായി എത്ര വൃക്ഷത്തൈകളാണ് ഒരു ദിവസം കൊണ്ട് സംസ്ഥാനം ഒട്ടാകെ നട്ടത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവയുടെ പരിപാലനത്തിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് ;

(സി) വൃക്ഷത്തൈകൾ നട്ടതിനുശേഷം എന്തെങ്കിലും തുടർനടപടികൾ വനം വകുപ്പിൽ നിന്നും ഉണ്ടായിട്ടുണ്ടോ ;

(ഡി) ഇവയിൽ എത്ര വൃക്ഷത്തൈകൾ ഇപ്പോൾ ഉണ്ടെന്നുള്ളതിന്റെ എന്തെങ്കിലും കണക്കെടുപ്പ് പിന്നീട് നടന്നിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(ഇ) ഇത്തരം കർമ്മ പരിപാടികൾ പരാജയപ്പെടാതിരിക്കാൻ ഇപ്പോൾ എന്ത് നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2003 ഹരിതോത്സവം പരിപാടി ഇതുവരെ തുടങ്ങിയിട്ടില്ല. എന്നാൽ ഇതിന്റെ ഭാഗമായി റോഡ് സൈഡിൽ നടുന്നതിനായി ഓരോ ഡിവിഷനിലും 2500 വലിയ തൈകളും ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിങ്ങിന് 25000 തൈകളും ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. ഈ വർഷം ജൂലായ് മാസത്തിലാണ് ഹരിതോത്സവം പരിപാടി നടത്താൻ ഉദ്ദേശിക്കുന്നത്.

(ബി) സ്പോൺസർഷിപ്പിലൂടെ ട്രീഗാർഡുകൾ ലഭ്യമാക്കാനും സന്നദ്ധ സംഘടനകളിലൂടെ പരിചരണം ഉറപ്പാക്കാനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി&ഡി) ഉത്തരം (എ) യുടെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

(ഇ) 2003 വർഷത്തിൽ വലിയ തൈകളാണ് നടാൻ തീരുമാനിച്ചിട്ടുള്ളത്. പൊതുജനങ്ങളുടേയും പൊതുസ്ഥാപനങ്ങളുടേയും വ്യാപാരികളുടേയും സഹകരണത്തോടുകൂടി ട്രീഗാർഡുകൾ സംഭാവന ചെയ്യുന്ന മുറയ്ക്ക് ഓരോ ജില്ലയിലും ഏറ്റവും കുറഞ്ഞത് 1500 തൈകൾ റോഡരികിൽ അവരുടെ പങ്കാളിത്തത്തോടെ നടുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇപ്രകാരം നടുന്ന തൈകളുടെ തുടർ പരിചരണത്തിനായി നാഷണൽ സർവ്വീസ് സ്കീം, പ്രാദേശിക സന്നദ്ധ സംഘടനകൾ എന്നിവയെ ഏകോപിപ്പിച്ച് നടപടി കൈക്കൊള്ളുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

വനോൽപ്പന്നങ്ങൾ കളവ് പോയതിന് വനം വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ നടപടി

117 (1916) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ ഒലവക്കോട് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസിൽ നിന്നും ഓഫീസിന്റെ സ്ട്രോംഗ് റൂമിൽ സൂക്ഷിച്ചിരുന്ന കോടിക്കണക്കിന് രൂപ വിലവരുന്ന ചന്ദനതൈലം, ആനക്കൊമ്പ് മുതലായവ മോഷണം പോയത് സംബന്ധിച്ച കേസിൻമേലുള്ള അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly